**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങൾക്ക് നിർമ്മാണാനുമതി, കെട്ടിട നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആരാധനാലയങ്ങൾക്ക് നിർമ്മാണാനുമതി , കെട്ടിട നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നിലവിലെ നിയമങ്ങൾ എന്തൊക്കെയാണ് ; ഇതിനായി ജില്ലാ കളക്ടറുടെ അനുമതി ആവശ്യമുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | ആരാധനാലയങ്ങൾക്ക് നിർമ്മാണാനുമതി , കെട്ടിട നമ്പർ എന്നിവ ലഭ്യമാക്കുന്നത്, അതത് സംഗതി പോലെ, 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരമാണ് . ഇതിനായി ജില്ല കളക്ടറുടെ അനുമതി ആവശ്യമില്ല.<br><br>2019-ലെ കേരള പഞ്ചായത്ത് / മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 5(4) പ്രകാരം മതപരമായ ആവശ്യങ്ങൾക്കോ ആരാധനയ്ക്കോ വേണ്ടിയുള്ള നിർദ്ദിഷ്ട കെട്ടിടങ്ങൾ / സ്ഥലങ്ങളുടെ നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം ജില്ല കളക്ടറുടെ എൻഒസി ആവശ്യമായിരുന്നു. എന്നാൽ 2021-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം എൻഒസി നൽകുന്നതിനുള്ള അധികാരം മുനിസിപ്പാലിറ്റിയ്ക്കും 2021-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം എൻഒസി നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിനും നൽകിക്കൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. അതനുസരിച്ച് ആരാധാനാലയങ്ങളുടെ നിർമ്മാണത്തിന്തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ